# സൂറ – 30 / അർറൂം

## സൂക്തം: 09 – 16

അല്ലാഹുവാണ് ആദ്യം സൃഷ്ടിക്കുന്നത്. പിന്നെ അവൻ തന്നെ അതിനെ പുനഃസൃഷ്ടിക്കുന്നു എന്ന കൊച്ചുവാക്യത്തിൽ വാദവും അതിന്റെ ന്യായവും സമ്മേളിച്ചിരിക്കുന്നു. നശിച്ചുപോയ സൃഷ്ടിയെ അല്ലാഹു പുനഃസൃഷ്ടിക്കും എന്നാണ് വാദം. അവൻ തന്നെയാണ് അതിനെ ആദ്യം സൃഷ്ടിച്ചത് എന്നതാണ് അതിന്റെ ന്യായം. ഒരു കാര്യം തുടക്കത്തിൽ നിഷ്പ്രയാസം ചെയ്തു തീർത്തവന് ആ കാര്യം വീണ്ടും ചെയ്യുക പ്രയാസകരമാകുന്നില്ലല്ലോ.



أَوَلَمْ يَسِيرُوا فِي الْأَرْضِ فَيَنظُرُوا كَيْفَ كَانَ عَاقِبَةُ الَّذِينَ مِن قَبْلِهِمْ ۚ كَانُوا أَشَدَّ مِنْهُمْ قُوَّةً وَأَثَارُوا الْأَرْضَ وَعَمَرُوهَا أَكْثَرَ مِمَّا عَمَرُوهَا وَجَاءَتْهُمْ رُسُلُهُم بِالْبَيِّنَاتِ ۖ فَمَا كَانَ اللَّهُ لِيَظْلِمَهُمْ وَلَٰكِن كَانُوا أَنفُسَهُمْ يَظْلِمُونَ ﴿٩﴾

9. ഇവർ ഭൂമിയിൽ സഞ്ചരിക്കുകയും പൂർവ സമുദായങ്ങളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നിരീക്ഷിക്കുകയും ചെയ്തിട്ടില്ലയോ? ഇവരേക്കാളേറെ പ്രബലരായിരുന്നു അവർ. ഭൂമിയെ നന്നായി കിളച്ചു മറിക്കുകയും ഇവർ നാഗരികവൽക്കരിച്ചതിലേറെ നാഗരികവൽക്കരിക്കുകയും ചെയ്തവർ. അവർക്കുള്ള ദൈവദൂതന്മാർ തെളിഞ്ഞ ദൃഷ്ടാന്തങ്ങളുമായി അവരിൽ ചെന്നതായിരുന്നു. പിന്നെ അല്ലാഹു അവരെ ദ്രോഹിക്കുകയായിരുന്നില്ല. പ്രത്യുത അവർ തന്നെ അവരെ ദ്രോഹിക്കുകയായിരുന്നു.

ثُمَّ كَانَ عَاقِبَةَ الَّذِينَ أَسَاءُوا السُّوأَىٰ أَن كَذَّبُوا بِآيَاتِ اللَّهِ وَكَانُوا بِهَا يَسْتَهْزِئُونَ ﴿١٠﴾

10. ഒടുവിൽ തിന്മകളനുവർത്തിച്ചവരുടെ പര്യവസാനം അതീവ ദുഷ്ടമായിത്തീർന്നു. അവർ അല്ലാഹുവിന്റെ സൂക്തങ്ങളെ തള്ളിപ്പറയുകയും പരിഹസിക്കുകയും ചെയ്തതിനാൽ.

### 9,10

أَوَلَمْ يَسِيرُوا فِي الْأَرْضِ = അവർ ഭൂമിയിൽ സഞ്ചരി(ക്കുകയും)ച്ചിട്ടില്ലയോ

فَيَنظُرُوا = എന്നിട്ട് കാണുകയും (നിരീക്ഷിക്കുകയും ചെയ്തിട്ടില്ലയോ)

كَيْفَ كَانَ عَاقِبَةُ = പര്യവസാനം എങ്ങനെയായിരുന്നുവെന്ന്

الَّذِينَ مِن قَبْلِهِمْ = അവർക്ക് മുമ്പുള്ളവരുടെ (പൂർവ സമുദായങ്ങളുടെ)

كَانُوا أَشَدَّ مِنْهُمْ قُوَّةً = അവർ ശക്തിയാൽ അവരേക്കാൾ കടുപ്പമുള്ളവർ (ഇവരേക്കാൾ ഏറ്റം പ്രബലർ) ആയിരുന്നു

وَأَثَارُوا الْأَرْضَ = ഭൂമിയെ അവർ ഉഴുതു, കിളച്ചുമറിച്ചു(റിക്കുകയും)

وَعَمَرُوهَا = അതിനെ വാസയോഗ്യവുമാക്കി (നാഗരികവൽക്കരിക്കുകയും ചെയ്തവർ)

أَكْثَرَ مِمَّا عَمَرُوهَا = ഇവർ നാഗരികവൽക്കരിച്ചതിലേറെ

وَجَاءَتْهُمْ رُسُلُهُم = അവരുടെ (വർക്കുള്ള) ദൈവദൂതന്മാർ അവരിൽ ചെന്നതായിരുന്നു بِالْبَيِّنَاتِ = ദൃഷ്ടാന്തങ്ങളുമായി

فَمَا كَانَ اللَّهُ لِيَظْلِمَهُمْ = അങ്ങനെ (പിന്നെ അല്ലാഹു അവരെ ദ്രോഹിക്കുകയായിരുന്നില്ല) അല്ലാഹുവിന് അവരെ ദ്രോഹിക്കേണ്ട കാര്യമുണ്ടായിരുന്നില്ല

وَلَٰكِن كَانُوا أَنفُسَهُمْ يَظْلِمُونَ = പ്രത്യുത അവർ തന്നെ അവരെ ദ്രോഹിക്കുകയായിരുന്നു

ثُمَّ كَانَ عَاقِبَةَ = പിന്നെ (ഒടുവിൽ) പര്യവസാനം ആയിത്തീർന്നു

الَّذِينَ أَسَاءُوا = തിന്മകളനുവർത്തിച്ചവരുടെ, അല്ലാഹു നിശ്ചയിച്ച ക്രമം ലംഘിച്ചവരുടെ

السُّوأَىٰ = ഏറ്റം മോശമായത് (അതീവ ദുഷ്ടം)

أَن كَذَّبُوا بِآيَاتِ اللَّهِ= അവർ അല്ലാഹുവിന്റെ സൂക്തങ്ങളെ തള്ളിപ്പറ(യുകയും)ഞ്ഞതിനാൽ

وَكَانُوا بِهَا يَسْتَهْزِئُونَ= (പരിഹസിക്കുകയും ചെയ്തതിനാൽ) അവരതിനെ പരിഹസിക്കുന്നവരുമായിരുന്നു

ദൈവത്തെയും ദൈവശാസനകളെയും പരലോകത്തെയും നിഷേധിച്ചുകൊണ്ട് ഭൗതിക ജീവിതത്തിൽ മാത്രം അഭിരമിക്കുന്നവരുടെ ദുരന്തപര്യവസാനത്തിന്റെ ചരിത്രപരമായ അടയാളങ്ങളിലേക്ക് വിരൽ ചൂണ്ടുകയാണ്. വിവിധ നാടുകളിലൂടെ സഞ്ചരിക്കുന്ന നിരീക്ഷകർക്ക് നിരവധി ചരിത്രാവശിഷ്ടങ്ങൾ കാണാം. ഖുറൈശികൾ അവരുടെ വ്യാപാര യാത്രകളിൽ ഇത്തരം ധാരാളം നാടുകളിലൂടെ കടന്നുപോകാറുണ്ടായിരുന്നു. പൂർവികരിൽനിന്ന് പരമ്പരാഗതമായി അവയുടെയൊക്കെ ഗതകാല ചരിത്രം അവർ കേട്ടുവന്നിട്ടുമുണ്ടായിരുന്നു. ജീവിതത്തിന്റെ ആന്തരിക യാഥാർഥ്യങ്ങളറിയാതെ, ബാഹ്യമണ്ഡലത്തിൽ ഭ്രമിച്ചുപോകുന്നതിന്റെ തിക്തഫലമെന്തായിരിക്കുമെന്ന് മനസ്സിലാക്കാൻ ആ കഥകൾ മതിയാകുന്നതാണ്. പക്ഷേ ഒരിക്കലും അത്തരം നാടുകളിലൂടെ സഞ്ചരിക്കുകയോ അവയുടെ പൂർവകാല ചരിത്രം കേൾക്കുകയോ ചെയ്തിട്ടില്ല എന്ന ഭാവത്തിലാണവരുടെ ജീവിതം. മക്കാവാസികളേക്കാൾ വളരെ കൂടുതൽ സൈനിക ബലവും വിഭവശേഷിയും നാഗരിക നേട്ടങ്ങളുമുള്ളവരായിരുന്നു അവരൊക്കെ. كَانُوا أَشَدَّ مِنْهُمْ قُوَّةً وَأَثَارُوا الْأَرْضَ وَعَمَرُوهَا أَكْثَرَ مِمَّا عَمَرُوهَا എന്നാണ് മൂലവാക്യം. കാർഷികാവശ്യാർഥം ഭൂമി ഉഴുതുമറിക്കുന്നതിനും ജലസേചനാർഥം തടാകങ്ങളും തോടുകളും കുഴിക്കുന്നതിനും ഭൂഗർഭത്തിലുള്ള ധാതുക്കൾ കുഴിച്ചെടുക്കുന്നതിനും أَثَارُوا الْأَرْضَ എന്നു പറയും. ഈ സന്ദർഭത്തിൽ എല്ലാ അർഥങ്ങളും ഉദ്ദേശ്യമാകുന്നു. عِمَارة-ൽനിന്നുള്ള ക്രിയയാണ് عَمَرَ. വീട്ടിൽ താമസിക്കുന്നതിന് عمر المنزل എന്നും ഭക്തന്മാർ ഇബാദത്തുകളിലേർപ്പെട്ട് പള്ളി സജീവമാക്കുന്നതിന് عِمر المسجد എന്നും പറയും. വൻ കെട്ടിടവും കെട്ടിട നിർമാണവും عَمَارة ആണ്. عمران -ഉം കെട്ടിടമാണ്. ജനസാന്ദ്രതക്കും ഈ പദം ഉപയോഗിക്കും. നാഗരികം, സാംസ്കാരികം എന്ന അർഥത്തിൽ عُمرانِي ഉപയോഗിക്കുന്നു. تعمِير നിർമാണവും പരിഷ്കാരവും കേടുപാടു തീർക്കലുമാണ്. إستعمار അധിനിവേശവും കോളനിവൽക്കരണവും. استعمارِيّة കോളനി വാഴ്ച. عُمْر ആയുസ്സാണ്. നിർമാണത്തിന്റെയും വികസനത്തിന്റെയും നിലനിൽപിന്റെയും ഏതാണ്ടെല്ലാ ആശയങ്ങളെയും ഉൾക്കൊള്ളുന്നതാണ് ع-م-ر എന്ന ധാതു. ഈ ആശയങ്ങളെല്ലാം ഇവിടെ ഉദ്ദേശ്യമാകുന്നു. കിളച്ചുമറിച്ചു കൃഷി ചെയ്തും കുഴിച്ചിറങ്ങി ഖനിജങ്ങളെടുത്തും വൻ കെട്ടിടങ്ങളും വ്യാപാര വ്യവസായ ശാലകളും നിരത്തുകളും നിർമിച്ച് ഭൂമിയുടെ പ്രതലം നാഗരികമാക്കിയും ഏറെ വികസിച്ച സമുദായങ്ങളായിരുന്നു അവ. ഇക്കൂട്ടത്തിൽ നശീകൃത അറബിസമൂഹങ്ങളായ ആദ്, സമൂദ്, മിദ്യാൻ ഗോത്രങ്ങൾ അറബികൾക്ക് വളരെ പരിചിതമായിരുന്നു. മുൻ സൂറകളിൽ ഇവരെക്കുറിച്ച് വിശദമായി പറഞ്ഞുകഴിഞ്ഞിരിക്കുന്നു. അസത്യത്തിലും അധർമത്തിലും ആണ്ടുപോയവരെ വീണ്ടെടുക്കാൻ അല്ലാഹു വ്യക്തമായ ദൃഷ്ടാന്തങ്ങളുമായി പ്രവാചകന്മാരെ നിയോഗിച്ചു. പക്ഷേ, പ്രവാചക സന്ദേശം ചെവി തുറന്നു കേൾക്കാനോ ദൃഷ്ടാന്തങ്ങൾ കണ്ണു തുറന്നു കാണാനോ കൂട്ടാക്കാതെ അവർ ദുർമാർഗത്തിൽ തന്നെ മുന്നേറി. ഒടുവിൽ സത്യനിഷേധവും ധർമധിക്കാരവും പരമകാഷ്ഠയിലെത്തിയപ്പോൾ അല്ലാഹു അവരെ ഭീകരമായ ശിക്ഷയിലൂടെ ഭൂമുഖത്തുനിന്നും തുടച്ചുനീക്കുകയായിരുന്നു. ഈ നടപടി അല്ലാഹു അവരോട് ചെയ്ത അക്രമമോ അനീതിയോ ആയിരുന്നില്ല. അവർ തന്നെയാണ് അവരോട് അക്രമം ചെയ്തത്. സൃഷ്ടികളുടെ സുഗമമായ വാഴ്വിന് സ്രഷ്ടാവ് നീതിനിഷ്ഠമായ ഒരു ക്രമം നിശ്ചയിച്ചിട്ടുണ്ട്. ആ ക്രമത്തിന്റെ ലംഘനമാണ് അക്രമം. ക്രമലംഘനത്തിന്റെയും ക്രമപാലനത്തിന്റെയും പ്രതികരണം പരസ്പരവിരുദ്ധമായിരിക്കുക സ്വാഭാവികം. മനുഷ്യജീവിതത്തിന്റെ അവശ്യോപാധിയാണ് അഗ്നി. ഭക്ഷണം പാകം ചെയ്യാനും രാത്രികാലത്ത് വെളിച്ചം ലഭിക്കാനും ലോഹപദാർഥങ്ങൾ ഉരുക്കാനുമൊക്കെ അഗ്നി കൂടിയേ തീരൂ. അതാണ് മനുഷ്യനെ സംബന്ധിച്ചേടത്തോളം അഗ്നിയുടെ ധർമം. അഗ്നിയെ അത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കുക മനുഷ്യന്റെ ധർമവും. വസ്ത്രം തീയിലിട്ടാൽ കത്തിപ്പോകും. കൈകൊണ്ട് തീ തൊട്ടാൽ കൈപൊള്ളും. ഇതെല്ലാം അല്ലാഹു നിശ്ചയിച്ച ക്രമങ്ങളാണ്. തികച്ചും നൈതികവും യുക്തിപരവുമാണീ ക്രമങ്ങളെല്ലാം. നഗ്ന ഹസ്തം കൊണ്ട് തീ തൊടാതിരിക്കുക നീതിയുടെയും ക്രമത്തിന്റെയും ഭാഗമാണ്. തീ തൊടുന്നത് ക്രമവും കൈപൊള്ളുന്നത് അക്രമവുമാകുന്നില്ല. നേരെമറിച്ചാണ് കാര്യം. തീ തൊട്ടാലെന്ന പോലെ എല്ലാ ക്രമലംഘനങ്ങളുടെയും ഫലം ഉടനടി അനുഭവപ്പെടണമെന്നില്ല. ചിലതൊക്കെ ഫലം പ്രത്യക്ഷപ്പെടുന്നതിനു മുമ്പ് തിരുത്താൻ അല്ലാഹു അവസരം നൽകുന്നു. അതാണ് പ്രവാചക നിയോഗം. ഈ അവസരം ഉപയോഗപ്പെടുത്താതിരിക്കുന്നത് മറ്റൊരു മഹാ അക്രമമാകുന്നു. അല്ലാഹു നിശ്ചയിച്ച അവസരം അവസാനിക്കുമ്പോൾ അതുവരെയുണ്ടായ അക്രമങ്ങളെല്ലാം- അത് ദൈവത്തോടായാലും മനുഷ്യരോടായാലും പ്രകൃതിയോടായാലും ധാർമിക സദാചാര നിയമങ്ങളോടായാലും- ഒറ്റയടിക്ക് തിരിച്ചടിക്കുന്നു. അങ്ങനെയാണ് പ്രവാചക നിയോഗമുണ്ടായ

ചില സമൂഹങ്ങൾ നാമാവശേഷമായിപ്പോയത്. പ്രപഞ്ചത്തിന് അല്ലാഹു നിശ്ചയിച്ചുവെച്ച ക്രമത്തിന്റെ ഏതു ലംഘനവും അന്തിമ വിശകലനത്തിൽ മനുഷ്യൻ തന്നോടുതന്നെ ചെയ്യുന്ന അക്രമമാകുന്നു. പ്രവാചകന്മാരിലൂടെ അല്ലാഹു അവതരിപ്പിച്ച ധർമസൂക്തങ്ങൾ പുഛിച്ചുതള്ളിക്കൊണ്ട് അത്തരം അതിക്രമങ്ങളനുവർത്തിക്കുന്നവർ പിന്നീട് അതിന്റെ തിക്തഫലം അനുഭവിക്കേണ്ടി വരിക തന്നെ ചെയ്യും. الإِسَاءَة -ന്റെ ഭൂതകാല ബഹുവചന ക്രിയാരൂപമാണ് أَسَاءُوا. ഇത് الإحسان -ന്റെ വിപരീതമാണ്. മനസ്സാ വാചാ കർമണാ ദോഷം ചെയ്യലാണ് اسائة. നന്മ ചെയ്യൽ احسان -ഉം. കാര്യങ്ങളെ അതിന്റെ പ്രകൃതിപരമായ സുസ്ഥിതിയിൽ നിലനിൽക്കാൻ അനുവദിക്കുക എന്ന് احسان-ഉം പ്രകൃതിപരമായ സുസ്ഥിതിയെ ഹനിക്കുക എന്ന് اسائة -ഉം നിർവചിക്കപ്പെട്ടിട്ടുണ്ട്. 'നിങ്ങൾ അല്ലാഹുവിനെ നേരിട്ടു കണ്ടുകൊണ്ടിരിക്കുന്നു എന്ന ഭാവത്തിൽ അവന്നു വഴിപ്പെട്ടു വാഴുക' - ان تعبد ربّك كانّك تراه എന്നാണ് നബി(സ) ഒരു ഹദീസിൽ احسان -നെ നിർവചിച്ചിട്ടുള്ളത്. ഇതനുസരിച്ച് അല്ലാഹു തന്റെ കർമം കാണുന്നില്ല എന്ന ഭാവത്തിൽ പ്രവർത്തിക്കുന്നത് اسائة -ഉം ആകുന്നു. اسائة വർജിക്കുകയാണ് ഏറ്റം കുറഞ്ഞ احسان. പ്രകൃതിയുടെ ക്രമത്തിന്റെ ലംഘനം- അത് ധർമനിഷേധത്തിന്റെ രൂപത്തിലായാലും സദാചാരലംഘനത്തിന്റെ രൂപത്തിലായാലും പരിസ്ഥിതിദൂഷണത്തിന്റെ രൂപത്തിലായാലും- പിന്നീട് രൂക്ഷമായി തിരിച്ചടിക്കും. മൂലത്തിലെ السُّوأَىٰ എന്ന പദം سُوء -ന്റെ ഉത്തമവാചി (أفعل التفضيل) രൂപമായ أَسْوَإ -ന്റെ സ്ത്രീലിംഗ പദമാകുന്നു. احسن എന്ന വാക്ക് حُسْنَىٰ എന്നായതുപോലെ. അത്യന്തം ദൃഷ്ടമായത്, ദാരുണമായത് എന്നർഥം. അത്തരം തിരിച്ചടിയേൽക്കുന്ന സമുദായങ്ങൾ ചിലപ്പോൾ ഈ ലോകത്തുനിന്ന് ഒന്നടങ്കം തുടച്ചുനീക്കപ്പെടുന്നു. അതു സംഭവിച്ചാലും ഇല്ലെങ്കിലും അവരുടെ പരിണതി ശാശ്വത നരകമായിരിക്കും എന്നതിൽ സന്ദേഹം വേണ്ട. ഭൗതികമായ ആസക്തികൾക്കും ആർത്തികൾക്കും അടിപ്പെട്ട് അല്ലാഹുവിനെയും അവന്റെ ധർമസൂക്തങ്ങളെയും പുഛിച്ചുതള്ളിക്കൊണ്ട് പ്രകൃതിയുടെ നിയമങ്ങൾ ലംഘിച്ചതാണ് ശോചനീയമായ ഈ പരിണതിയുടെ മൂലകാരണം. ●

---

اللَّهُ يَبْدَأُ الْخَلْقَ ثُمَّ يُعِيدُهُ ثُمَّ إِلَيْهِ تُرْجَعُونَ ﴿١١﴾

11. അല്ലാഹു ആദ്യം സൃഷ്ടിക്കുന്നു. പിന്നീടത് ആവർത്തിക്കുന്നു. അനന്തരം അവങ്കലേക്കു തന്നെ നിങ്ങൾ തിരിച്ചയക്കപ്പെടുന്നതാകുന്നു.

**11**

اللَّهُ يَبْدَأُ الْخَلْقَ = അല്ലാഹു സൃഷ്ടി തുടങ്ങുന്നു (ആദ്യം സൃഷ്ടിക്കുന്നു)

ثُمَّ يُعِيدُهُ = പിന്നീട് അതിനെ മടക്കുന്നു (ആവർത്തിക്കുന്നു) ثُمَّ إِلَيْهِ = അനന്തരം അവങ്കലേക്കു തന്നെ

تُرْجَعُونَ = നിങ്ങൾ മടക്കപ്പെടുന്നു (തിരിച്ചയക്കപ്പെടുന്നതാകുന്നു)

അല്ലാഹുവാണ് ആദ്യം സൃഷ്ടിക്കുന്നത്. പിന്നെ അവൻ തന്നെ അതിനെ പുനഃസൃഷ്ടിക്കുന്നു എന്ന കൊച്ചുവാക്യത്തിൽ വാദവും അതിന്റെ ന്യായവും സമ്മേളിച്ചിരിക്കുന്നു. നശിച്ചുപോയ സൃഷ്ടിയെ അല്ലാഹു പുനഃസൃഷ്ടിക്കും എന്നാണ് വാദം. അവൻ തന്നെയാണ് അതിനെ ആദ്യം സൃഷ്ടിച്ചത് എന്നതാണ് അതിന്റെ ന്യായം. ഒരു കാര്യം തുടക്കത്തിൽ നിഷ്പ്രയാസം ചെയ്തു തീർത്തവന് ആ കാര്യം വീണ്ടും ചെയ്യുക പ്രയാസകരമാകുന്നില്ലല്ലോ. എന്നല്ല ആരംഭത്തെ അപേക്ഷിച്ച് ആവർത്തനം കൂടുതൽ എളുപ്പമാവുകയാണുണ്ടാവുക. ഒരിക്കൽ സൃഷ്ടി നടന്നിരിക്കുന്നുവെന്നത് അനിഷേധ്യമായ അനുഭവ യാഥാർഥ്യമായിരിക്കെ പുനഃസൃഷ്ടി അസംഭവ്യമാകുന്നത് എങ്ങനെയാണ്? എക്കാലത്തും പരലോകനിഷേധികളെ സത്യം ബോധ്യപ്പെടുത്താൻ മതിയായ ന്യായമാണിത്. നിഷേധികളുടെ മറ്റൊരബദ്ധ ധാരണയുടെ ദൂരീകരണമാണ് ثُمَّ إِلَيْهِ تُرْجَعُونَ. ഒന്നാമതായി ഉയിർത്തെഴുന്നേൽപിനെ അതിവിദൂരമായ കേവല സങ്കൽപമായി കാണുകയായിരുന്നു നിഷേധികൾ. ഇനി അങ്ങനെയൊന്നുണ്ടെന്നു വന്നാൽ തന്നെ, അവിടെ തങ്ങളുടെ കാര്യം ദൈവത്തോടു ശിപാർശ ചെയ്തു പരലോകത്തും നമുക്ക് സ്വർഗം തരപ്പെടുത്തിത്തരാൻ ഇവിടെ നമ്മൾ പൂജിച്ചു പ്രസാദിപ്പിച്ച ദൈവങ്ങളുണ്ടാകും. ഇങ്ങനെ വ്യാമോഹിക്കുന്നവരെ ഓർമിപ്പിക്കുകയാണ്; അത്തരം സ്വപ്നങ്ങൾ അങ്ങ് വാങ്ങിവെച്ചുകൊള്ളുക. എല്ലാവരും നേരിട്ട് അല്ലാഹുവിന്റെ മുമ്പിൽ ഹാജരാകേണ്ടവർ തന്നെയാകുന്നു. അന്ന് ആർക്കും അവനല്ലാത്ത മറ്റൊരവലംബമോ ആശാകേന്ദ്രമോ ഉണ്ടായിരിക്കുകയില്ല. ●

وَيَوْمَ تَقُومُ السَّاعَةُ يُبْلِسُ الْمُجْرِمُونَ ﴿١٢﴾

وَلَمْ يَكُن لَّهُم مِّن شُرَكَائِهِمْ شُفَعَاءُ وَكَانُوا بِشُرَكَائِهِمْ كَافِرِينَ ﴿١٣﴾

وَيَوْمَ تَقُومُ السَّاعَةُ يَوْمَئِذٍ يَتَفَرَّقُونَ ﴿١٤﴾

فَأَمَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ فَهُمْ فِي رَوْضَةٍ يُحْبَرُونَ ﴿١٥﴾

وَأَمَّا الَّذِينَ كَفَرُوا وَكَذَّبُوا بِآيَاتِنَا وَلِقَاءِ الْآخِرَةِ فَأُولَٰئِكَ فِي الْعَذَابِ مُحْضَرُونَ ﴿١٦﴾

12. ഉയിർത്തെഴുന്നേൽപ്പ് നിലവിൽവരുംനാളിൽ കുറ്റവാളികൾ നൈരാശ്യത്താൽ അന്ധാളിച്ചുപോകുന്നു.

13. അവർ സങ്കൽപിച്ചിരുന്ന ബഹുദൈവങ്ങളിൽ ആരും അവിടെ അവർക്കു ശിപാർശ ചെയ്യാനുണ്ടാവില്ല. അവരോ, തങ്ങളുടെ ബഹുദൈവങ്ങളെ നിഷേധിക്കുകയും ചെയ്യുന്നു.

14. ഉയിർത്തെഴുന്നേൽപ്പ് നിലവിൽവരുംനാളിൽ അവരൊക്കെയും വേർപിരിയുന്നു.

15. എന്നാൽ സത്യധർമങ്ങളിൽ വിശ്വസിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവരുണ്ടല്ലോ, അവർ സ്വർഗീയ പൂന്തോപ്പിൽ ആഹ്ലാദഭരിതരാകുന്നു.

16. സത്യധർമങ്ങളെ നിഷേധിക്കുകയും നമ്മുടെ സൂക്തങ്ങളെയും പരലോകത്തെ സന്ധിക്കുന്നതിനെയും തള്ളിപ്പറയുകയും ചെയ്തവരോ, അക്കൂട്ടർ ശിക്ഷയിൽ ഹാജരാക്കപ്പെടുന്നു.

**12-16**

وَيَوْمَ تَقُومُ السَّاعَةُ = ആ സമയം നിൽക്കുന്ന ദിവസം (ഉയിർത്തെഴുന്നേൽപ്പ് നിലവിൽവരുംനാളിൽ)
يُبْلِسُ الْمُجْرِمُونَ = കുറ്റവാളികൾ നൈരാശ്യത്താൽ അന്ധാളിച്ചുപോകുന്നു
وَلَمْ يَكُن لَّهُم مِّن شُرَكَائِهِمْ = അവരുടെ പങ്കാളികൾ ആരും ഉണ്ടായില്ല (അവിടെ അവർ സങ്കൽപിച്ചിരുന്ന ബഹുദൈവങ്ങളിൽ ആരും ഉണ്ടാവില്ല)
شُفَعَاءُ = ശിപാർശ(ചെയ്യാൻ)കരായിട്ട്
وَكَانُوا بِشُرَكَائِهِمْ كَافِرِينَ = അവർ(രോ) അവരുടെ പങ്കാളികളെ (ബഹുദൈവങ്ങളെ നിഷേധിക്കുകയും ചെയ്യുന്ന) നിഷേധിക്കുന്നവരായിരിക്കുന്നു
وَيَوْمَ تَقُومُ السَّاعَةُ = ആ സമയം നിൽക്കുന്ന ദിവസം (ഉയിർത്തെഴുന്നേൽപ്പ് നിലവിൽവരുംനാളിൽ)
يَوْمَئِذٍ = അന്ന് يَتَفَرَّقُونَ = അവർ (ഒക്കെയും) വേർപിരിയുന്നു, ഭിന്നിക്കുന്നു
فَأَمَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ = എന്നാൽ (സത്യധർമങ്ങളിൽ) വിശ്വസിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്തവർ (ഉണ്ടല്ലോ)
فَهُمْ = അവർ فِي رَوْضَةٍ = ഒരു (സ്വർഗീയ) പൂന്തോപ്പിൽ يُحْبَرُونَ = ആഹ്ലാദിപ്പിക്കപ്പെടുന്നവർ (ആഹ്ലാദഭരിതർ) ആകുന്നു
وَأَمَّا الَّذِينَ كَفَرُوا = (സത്യധർമങ്ങൾ) നിഷേധി(ക്കുകയും)ച്ചവർ
وَكَذَّبُوا بِآيَاتِنَا = നമ്മുടെ സൂക്തങ്ങളെ(യും) തള്ളിപ്പറയുകയും ചെയ്തവർ(രോ)
وَلِقَاءِ الْآخِرَةِ = പരലോകത്തെ സന്ധിക്കുന്നതിനെയും (തള്ളിപ്പറയുകയും ചെയ്തവരോ)
فَأُولَٰئِكَ = അക്കൂട്ടർ فِي الْعَذَابِ = ശിക്ഷയിൽ (നരകത്തിൽ) مُحْضَرُونَ = ഹാജരാക്കപ്പെടു(ന്നു)ന്നവരാകുന്നു

അല്ലാഹു സൃഷ്ടിച്ചവരെയെല്ലാം മരണാനന്തരം പുനഃസൃഷ്ടിച്ച് അവന്റെ സന്നിധിയിലേക്ക് തിരിച്ചുകൊണ്ടുവരുമെന്നാണല്ലോ മുൻ സൂക്തം പ്രസ്താവിച്ചത്. തുടർന്ന് ആ തിരിച്ചുവരവിന്റെ സന്ദർഭത്തിൽ നേരിടേണ്ടിവരുന്ന സ്ഥിതിവിശേഷം ചിത്രീകരിക്കുകയാണ്. സമയം, നിമിഷം, മണിക്കൂറ് തുടങ്ങിയവയെല്ലാം ساعة ആകുന്നു. ഖുർആൻ الساعة എന്നു പറയാറുള്ളത് ലോകാവസാനത്തെയും ഉയിർത്തെഴുന്നേൽപിനെയും കുറിക്കാനാണ്. يَوْمَ تَقُومُ السَّاعَةُ എന്നാൽ يوم القيامة തന്നെ. ابلاس -ൽ നിന്നുള്ള ഭാവികാല ക്രിയയാണ് يُبْلِسُ. യാതൊരു പ്രതീക്ഷക്കും വകയില്ലാത്തവണ്ണമുള്ള നൈരാശ്യവും ഒന്നും മിണ്ടാനാവാത്തവണ്ണം അന്ധാളിപ്പുമാണ് ابلاس. യാതൊരു നന്മയും പ്രതീക്ഷിക്കാനില്ലാത്ത നിരാശനും അഭിശപ്തനും എന്ന അർഥത്തിലാണ് ചെകുത്താൻ ابليس എന്നു വിശേഷിപ്പിക്കപ്പെടുന്നത്. എല്ലാ ഇനം കുറ്റകൃത്യങ്ങളെയും ഉൾക്കൊള്ളുന്ന جُرْم -ൽ നിന്നുള്ള കർതൃവചനമാണ് مُجْرِم. കുറ്റം ചെയ്യൽ اجرام. ക്രിമിനൽ اجراميّ ആണ്. തോ

ണിക്ക് جَرْمٌ എന്നും പിണ്ഡത്തിന് جِرْمٌ എന്നും പറയും. الاجرام السماوية ഖഗോള വസ്തുക്കളാണ്. മനസ്സാ വാചാ കർമണാ ഏതു തരം കുറ്റം ചെയ്തവനും مجرم ആണെങ്കിലും യാതൊരു പ്രതീക്ഷക്കും വകയില്ലാത്തവണ്ണം നിരാശയുടെ പാതാളത്തിൽ പതിക്കുമെന്ന് പറയുന്ന مجرم അല്ലാഹുവിന്റെ ഏകത്വത്തെയും പരമാധികാരത്തെയും നിഷേധിച്ചുകൊണ്ട് ബഹുദൈവങ്ങളിലും ശിപാർശകരിലും വിശ്വാസമർപ്പിച്ച് അന്ധവിശ്വാസങ്ങൾ പുലർത്തുകയും അക്രമങ്ങളും അധർമങ്ങളും ആചരിക്കുകയും ചെയ്ത മഹാപാപിയാകുന്നു.

പരലോകം എന്നൊന്ന് ഇല്ലെന്നും അഥവാ ഉണ്ടെങ്കിൽ ഈ ലോകത്ത് തങ്ങൾ പൂജിച്ച് പ്രസാദിപ്പിച്ചിരുന്ന ദേവീദേവന്മാരും പുണ്യാത്മാക്കളും, തങ്ങളുടെ രക്ഷകരും ശിപാർശകരുമായി അവിടെയും ഉണ്ടായിരിക്കുമെന്നുമായിരുന്നു അവർ കരുതിയിരുന്നത്. പെട്ടെന്നൊരു നാൾ വിചാരണാ സഭയിലേക്ക് ഉയിർത്തെഴുന്നേറ്റപ്പോൾ അവർ അന്ധാളിച്ചുപോയി. തങ്ങൾ നിഷേധിച്ചിരുന്ന സംഗതികളെല്ലാം മുമ്പിൽ യാഥാർഥ്യമായി തെളിയുന്നതു കണ്ട് ഭയ ക്രാന്തരായി. വിശ്വസിച്ചാരാധിച്ചിരുന്ന പരദൈവങ്ങളെ വിളിച്ചുനോക്കി. ആരും വിളി കേൾക്കുന്നില്ല. ഒടുവിൽ തങ്ങൾ വിശ്വാസമർപ്പിച്ചിരുന്നത് കേവലം മിഥ്യകളിലാണെന്ന് ബോധ്യമാകുന്നു. ആ പരദൈവങ്ങളെയും ശിപാർശകരെയുമെല്ലാം അവർ നിഷേധിക്കുന്നു. നിഷേധിക്കുക മാത്രമല്ല പരസ്പരം ശപിക്കുകയും ചെയ്യുന്നു. يَوْمَ الْقِيَامَةِ يَكْفُرُ بَعْضُكُم بِبَعْضٍ وَيَلْعَنُ بَعْضُكُم بَعْضًا 'പിന്നെ ഉയിർത്തെഴുന്നേൽപു നാളിൽ നിങ്ങൾ പരസ്പരം നിഷേധിക്കുകയും ശപിക്കുകയും ചെയ്യും' എന്നാണ് കഴിഞ്ഞ *അൽ അൻകബൂത്ത്* 25-ാം സൂക്തം പ്രസ്താവിക്കുന്നത്. സൂറ *അൽ ഖസ്വസ്വ്* 62-67 സൂക്തങ്ങളിലും ഈ വിഷയം പരാമർശിച്ചിരിക്കുന്നു. കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. مُجْرِمُونَ എന്ന പദം كافرون ، مشركون എന്നീ പദങ്ങളെക്കാൾ വിശാലമായ അർഥമുള്ള പദമാണ്. കാഫിറുകളും മുശ്‌രിക്കുകളും അല്ലാത്തവരും مجرم- കുറ്റവാളി ആവാം; മുസ്‌ലിം ആയാലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ വിചാരണക്കും ശിക്ഷാവിധിക്കും വിധേയനാകേണ്ടി വരും. അപരാധങ്ങളിൽ ആത്മാർഥമായി പശ്ചാത്തപിക്കുകയും അല്ലാഹു അത് സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലൊഴിച്ച്.

شريك -ന്റെ (പങ്കാളി) ബഹുവചനമാണ് شركاء. ഖുർആന്റെ സാങ്കേതിക ഭാഷയിൽ شركاء ബഹുദൈവങ്ങൾ ദിവ്യത്വത്തിൽ സാക്ഷാൽ ദൈവത്തിന്റെ പങ്കാളികളും സഹകാരികളും ആയി സങ്കൽപിക്കപ്പെടുന്നവരാണ്. അത് യാഥാർഥ്യലോകത്ത് അസ്തിത്വമില്ലാത്ത കേവല സങ്കൽപ സൃഷ്ടികളാവാം. കല്ലോ മരമോ പോലുള്ള നിർജീവ വസ്തുക്കളാവാം, നക്ഷത്രങ്ങളും ഗ്രഹങ്ങളുമാവാം. പക്ഷികളോ പാമ്പുകളോ പോലുള്ള ജീവികളാവാം. മനുഷ്യരാവാം, ജിന്നുകളാവാം, മലക്കുകളാവാം. മനുഷ്യർ ശുറകാഅ് -ദൈവത്തിന്റെ പങ്കാളികൾ- ആകുന്നത് രണ്ടു തരത്തിലാണ്: 1) സ്വയം ദൈവം ചമഞ്ഞ് ദിവ്യശക്തിയെന്ന പേരിൽ ചില സൂത്രങ്ങൾ കാണിച്ച് ആളുകളെ തങ്ങളുടെ ഭക്തരും അടിമകളുമാക്കുന്ന ദുഷ്ടന്മാർ. 2) ജ്ഞാനികളും സാത്വികരും സത്യപ്രബോധകരുമായ പുണ്യാത്മാക്കൾ. ജീവിച്ചിരുന്നപ്പോൾ ഏകനായ അല്ലാഹുവിലേക്കാണ് അവർ ആളുകളെ ക്ഷണിച്ചത്. അവന്റെ ധർമശാസനകളാണ് പഠിപ്പിച്ചത്. അതനുസരിച്ചുള്ള മാതൃകാ ജീവിതമാണവർ നയിച്ചത്. പക്ഷേ, അവരുടെ മരണാനന്തരം ശിഷ്യന്മാരിൽ അവരോടുള്ള അനുരാഗവും ആദരവും അതിരുവിട്ട് ഭക്തിയും ആരാധനയുമായി വളർന്നു. കാലക്രമത്തിൽ അവർ അല്ലാഹുവിന്റെ 'ശുറകാഉ' അല്ലാഹു തന്നെയോ ആയി സങ്കൽപിക്കപ്പെട്ടു. പ്രവാചകൻ ഈസാ (അ) ദൈവവും ദൈവപുത്രനുമായതങ്ങനെയാണ്. ഇവിടെ സൂചിപ്പിച്ച എല്ലാതരം ദൈവങ്ങളും ഇന്ത്യയിലുണ്ട്. പുതുതായി ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. മുസ്‌ലിംകളിൽ പോലും ചില ആളുകൾ ഇത്തരം ചില 'ശുഫആ'കളിൽ വിശ്വസിക്കുകയും അവരെ പ്രകീർത്തിക്കുകയും അവർക്കുവേണ്ടി നേർച്ച വഴിപാടുകൾ അർപ്പിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ അന്ത്യനാളിൽ അവർക്കുവേണ്ടി അല്ലാഹുവിന്റെ നീതിനടത്തിപ്പിൽ ഇടപെടാനോ ആർക്കെങ്കിലും കുറ്റമുക്തി നേടിക്കൊടുക്കാനോ അവരാരുമുണ്ടാവില്ല. അന്ന് ഓരോ വ്യക്തിയും അല്ലാഹുവിന്റെ വിചാരണയെ തനിച്ചു തന്നെ നേരിടേണ്ടിവരും. പ്രതിനിധിയുടെയോ വക്കീലിന്റെയോ ശിപാർശകരുടെയോ സഹായം ആർക്കും ലഭിക്കുകയില്ല. എല്ലാവരും മറ്റുള്ളവരിൽനിന്ന് തികച്ചും വേർപെട്ടുപോകുന്നു.

ഈ വേർപാടിന് മറ്റൊരു രൂപവും കൂടിയുണ്ട്. ഇഹലോകത്ത് സജ്ജനങ്ങളും ദുർജനങ്ങളും കൂടിക്കലർന്നാണല്ലോ ജീവിച്ചത്. പലപ്പോഴും സജ്ജനം മർദിതരും പരാജിതരുമായിരുന്നു. ശക്തരും ജേതാക്കളും ദുഷ്ടന്മാരായിരുന്നു. ഉപരിപ്ലവ ദൃഷ്ടികൾക്ക് ഭൗതികലോകം നീതിയിൽനിന്നും ധർമത്തിൽനിന്നും മുക്തമായിരുന്നു. എന്നാൽ കർമഫലദിനം - يَوْم الدِّين സമ്പൂർണ നീതിയും ധർമവും പുലരുന്ന നാൾ- يَوْم الفرقان ആകുന്നു. അവിടെ ശിഷ്ടരും ദുഷ്ടരും കൃത്യമായി വിവേചിക്കപ്പെടുകയും വേർതിരിക്കപ്പെടുകയും ചെയ്യുന്നു. അന്ന് അല്ലാഹു കുറ്റവാളികളോടു കൽപിക്കും: وَامْتَازُوا الْيَوْمَ أَيُّهَا الْمُجْرِمُونَ ഹേ-'കുറ്റവാളികളേ, ഇന്നു നിങ്ങൾ വേർപിരിഞ്ഞു നിൽക്കണം' (36:59). അവിടെ രണ്ടു കൂട്ടങ്ങളേ ഉണ്ടാകൂ. ശിഷ്ട കൂട്ടവും ദുഷ്ടകൂട്ടവും. സത്യധർമങ്ങളിൽ വിശ്വസിക്കുകയും ആ വിശ്വാസം ആവശ്യപ്പെട്ട സൽക്കർമങ്ങളാചരിച്ചു ജീവിക്കുകയും ചെയ്ത ശിഷ്ടജനം സ്വർഗീയ പൂന്തോപ്പുകളിൽ ആഹ്ലാദഭരിതരായി വസിക്കാൻ വിധിക്കപ്പെടുന്നു. حُبُور -ൽനിന്നുള്ള കർമണി വചനമാണ് يُحْبَرُونَ. സന്തോഷാധിക്യത്താൽ മുഖം ശോഭിക്കുകയാണ് حُبُور. സ്വർഗീയോദ്യാനത്തിലെ കമനീയ കാഴ്ചകൾ കണ്ടും കർണസുധാകരമായ സംഗീതം കേട്ടും അവിടെയെത്തുന്ന സജ്ജനങ്ങൾ ആനന്ദതുന്ദിലരാകുന്നു. സ്വർഗീയാരാമത്തിൽ അലൗകികവും അതിമധുരവുമായ സംഗീതത്താൽ ആഹ്ലാദിപ്പിക്കപ്പെടുന്നു എന്നും يُحْبَرُونَ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. പ്രവാചകന്മാർ പ്രബോധനം ചെയ്ത ദൈവിക സൂക്തങ്ങളെയും പരലോകത്തെയും തള്ളിക്കളഞ്ഞ് അസത്യത്തിലും അധർമത്തിലും ജീവിച്ച സത്യനിഷേധികൾ നരകത്തിലേക്കും നയിക്കപ്പെടുന്നു. فِي الْعَذَابِ مُحْضَرُونَ -ശിക്ഷയിൽ ഹാജരാക്കപ്പെടുന്നവർ- എന്ന പ്രയോഗം ആ കുറ്റവാളികളെ നിന്ദിതരായി വലിച്ചിഴച്ച് നരകത്തിൽ കൊണ്ടുവന്ന് തള്ളുന്നു എന്നു ധ്വനിപ്പിക്കുന്നു. 54:48-ൽ അവർ മുഖം കുത്തി നരകത്തിലേക്ക് വഴിച്ചിഴക്കപ്പെടുന്നു -يُسْحَبُونَ فِي النَّارِ عَلَىٰ وُجُوهِهِمْ- എന്നു പറയുന്നുണ്ട്. ●